DESPATCHED
On 26/2/2020
7/1/20

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 1419*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **9902**/*എസ്.ഐ.സി-ജി 6/19*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.രോഹിത് മേതയിൽ രാജഗോപാൽ,
33/441 മേതയിൽ റസിഡൻസ്,
ദേശാഭിമാനി റോഡ്, ഇളമക്കര പി.ഒ.,
കൊച്ചി, എറണാകുളം, പിൻ – 682 026.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
ജോയിന്റ് ഡയറക്ടർ,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 13.02.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 15.03.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 19.04.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 22.05.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 10.06.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 10.06.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.10.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. രോഹിത് മേതയിൽ

രാജഗോപാൽ, 10.06.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 10.06.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1419(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തെറ്റായതും അപൂർണ്ണവുമാണെന്നും ആകയാൽ ടിയാന് വ്യക്തവും പൂർണ്ണവുമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 13.02.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 15.03.2019ന് നൽകിയ മറുപടിയിൽ ശ്രീ.ശ്രീനിവാസൻ ദേവൻ സമർപ്പിച്ച മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലിൽ അനുവദനീയ തുകയായ 37,125/- (മുപ്പത്തേഴായിരത്തി ഒരുനൂറ്റി ഇരുപത്തഞ്ച് രൂപ മാത്രം) രൂപ 21.08.2017ൽ ടിയാളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി ഇ.എസ്.ഐ. കോർപ്പറേഷൻ, തൃശ്ശൂർ ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 22.05.2019ന് നൽകിയ മറുപടിയിൽ ശ്രീ.ശ്രീനിവാസൻ ദേവൻ സമർപ്പിച്ച മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിം സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽപ്പെട്ടതാണെന്നും സൂപ്പർ സ്പെഷ്യാലിറ്റി ക്ലെയിമുകൾ പാസ്സാക്കി തുക നൽകുന്നത് ഇ.എസ്.ഐ. കോർപ്പറേഷനാണെന്നും ആയതിനാൽ പ്രസ്തുത ക്ലെയിം സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ടി ഓഫീസിൽ ലഭ്യമല്ലെന്നും റീജിയണൽ ഡയറക്ടർ, ഇ.എസ്.ഐ.(സി), തൃശ്ശൂർ ആണ് ടി ക്ലെയിം പാസ്സാക്കി നൽകിയിട്ടുള്ളതെന്നും പ്രസ്തുത ഓഫീസുമായി ബന്ധപ്പെട്ടാൽ ക്ലെയിം സംബന്ധിച്ച മുഴുവൻ വിവരങ്ങളും ടിയാന് ലഭ്യമാകുമെന്നാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 26.10.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ലെന്ന് കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ശ്രീ.ശ്രീനിവാസ ദേവൻ സമർപ്പിച്ചിരുന്ന മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിം സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽപ്പെടുന്നതാകയാൽ തുക പാസ്സാക്കി നൽകുന്നത് ഇ.എസ്.ഐ. കോർപ്പറേഷൻ ആണെന്നും ആകയാൽ പ്രസ്തുത

ക്ലെയിം സംബന്ധിച്ച വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലെന്നും ഇതു സംബന്ധിച്ച മുഴുവൻ വിവരങ്ങളും പ്രസ്തുത ഓഫീസുമായി ബന്ധപ്പെട്ടാൽ ലഭ്യമാകുമെന്നാണ്. കൂടാതെ ടി പേഷ്യന്റിന് ക്യാഷ്‌ലസ് ചികിത്സയ്ക്കുള്ള അവസരം നിഷേധിച്ചുവെന്നതിന് ചികിത്സിക്കുന്ന ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ക്യാഷ്‌ലസ് ചികിത്സയ്ക്കുള്ള റഫറൻസ് നൽകുകയാണ് പതിവെന്നും അതിലേയ്ക്കായി ടിയാന്റെ മാതാപിതാക്കളാരും സമീപിച്ചിട്ടില്ലെന്നുമാണ് എറണാകുളം ഇ.എസ്.ഐ. ആശുപത്രി സൂപ്രണ്ട് റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നും കൂടുതൽ വിവരങ്ങൾക്കായി തൃശ്ശൂർ, എറണാകുളം ഇ.എസ്.ഐ. കോർപ്പറേഷൻ ഓഫീസുകളെ സമീപിക്കണമെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയും റിപ്പോർട്ടും അംഗീകരിച്ചുകൊണ്ട് ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി 07-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)
Ge/